പതിനാലാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 882 — 30.11.2018 ൽ മറുപടിയ്ക്ക്

## അമ്പൂരി-ചാക്കപ്പാറ-പൂരവിമല റോഡിന് വനം വകുപ്പ് അനുമതി

| | ചോദ്യം | മറുപടി |
|---|---|---|
| | **ശ്രീ.സി.കെ. ഹരീന്ദ്രൻ** | **അഡ്വ .കെ.രാജു (ബഹു.വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പമന്ത്രി)** |
| എ) | അമ്പൂരി ഗ്രാമപഞ്ചായത്തിൽ ചാക്കപ്പാറ വാർഡിൽ സാഗി പദ്ധതിയിൽ ഉൾപ്പെടുത്തി അനുമതി ലഭിച്ച അമ്പൂരി-ചാക്കപ്പാറ-പൂരവിമല റോഡ് നിർമ്മാണത്തിന് വനം വകുപ്പിന്റെ അനുമതി ലഭിച്ചിട്ടില്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | അമ്പൂരി ഗ്രാമപഞ്ചായത്തിലെ ചാക്കപ്പാറ വാർഡിലെ അമ്പൂരി-ചാക്കപ്പാറ-പൂരവിമല റോഡ് നിർമ്മാണത്തിന് സംസ്ഥാന വനം വകുപ്പിന് അനുമതി നൽകുവാൻ അധികാരമില്ലാത്തതാണ്. ആയതിനു കേന്ദ്രാനുമതി ആവശ്യമാണ്. ടി റോഡ് നെയ്യാർ വന്യജീവിസങ്കേതത്തിലെ വിവിധ ആദിവാസി സെറ്റിൽമെൻറുകളിൽ കൂടിയാണ് കടന്നു പോകുന്നത്. ടി റോഡിന് ഉദ്ദേശം 9 കി.മീ. നീളവും 3.5 മീറ്റർ വീതിയുമാണുള്ളത്. ടി റോഡ് 6 മീറ്റർ വീതിയിൽ നിർമ്മിച്ച് ടാർ ചെയ്യുന്നതിനാണ് യൂസർ ഏജൻസിയായ ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയർ, പ്രോഗ്രാം ഇംപ്ലിമെൻറേഷൻ യൂണിറ്റ്, പട്ടം അനുമതി ആവശ്യപ്പെട്ടിട്ടുള്ളത്. അതിന് ഉദ്ദേശം 5.4 ഹെക്ടർ വനഭൂമി ആവശ്യമായി വരുന്നുണ്ട്. വനാവകാശ നിയമം 2006 പ്രകാരമുള്ള അപേക്ഷ 27.09.2018 ന് ലഭിച്ചിട്ടുണ്ട്. എന്നാൽ, വനാവകാശ നിയമം 2006 പ്രകാരം 1 ഹെക്ടർ വരെയുള്ള വനഭൂമി മാത്രമേ ഒരു സംഗതിക്ക് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർക്ക് അനുവദിക്കാൻ വ്യവസ്ഥയുള്ളൂ. ടി വിവരം |

| | | | |
|---|---|---|---|
| | | | എക്സിക്യൂട്ടീവ് എഞ്ചിനീയറെ രേഖാമൂലം അറിയിച്ചിട്ടുണ്ട്. ടി റോഡിനായി ഫോറസ്റ്റ് (കൺസർവേഷൻ) ആക്ട്, 1980 പ്രകാരമുള്ള യൂസർ ഏജൻസിയുടെ അപേക്ഷ ലഭിച്ചിട്ടില്ലാത്തതാണ്. |
| (ബി) | രണ്ടായിരത്തോളം വരുന്ന ആദിവാസി വിഭാഗത്തിൽപ്പെട്ടവർക്ക് പ്രയോജനകരമായ പ്രസ്തുത റോഡ് നിർമ്മാണത്തിന് അനുമതി ലഭ്യമാക്കുന്നതിനുള്ള തുടർ നടപടികൾ സ്വീകരിക്കുമോ? | | ഇക്കാര്യത്തിൽ 1980 ലെ കേന്ദ്ര വന (സംരക്ഷണ) നിയമം അനുസരിച്ച് യൂസർ ഏജൻസി അപേക്ഷിക്കേണ്ടതും കേന്ദ്ര സർക്കാരിൻെറ അനുമതി ലഭിക്കേണ്ടതുമുണ്ട്. എന്നാൽ ഇതുവരെയും യൂസർ ഏജൻസി അപേക്ഷിച്ചിട്ടില്ലാത്തതാണ്. വന്യജീവി സങ്കേതത്തിൽ കൂടിയുള്ള റോഡ് നിർമ്മാണത്തിന് 1972 ലെ വന്യജീവി (സംരക്ഷണ) നിയമ പ്രകാരമുള്ള അനുമതിയും ആവശ്യമാണ്. |

**സെക്ഷൻ ഓഫീസർ**